# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1081    28.04.2017 ലെ മറുപടി

### കിണറുകളിലെ ജലനിരപ്പ്

**ചോദ്യം**

**ശ്രീ.സി. ദിവാകരൻ**

**മറുപടി**

**ശ്രീ. മാത്യു ടി. തോമസ്**

(ജലവിഭവ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | കിണറുകളിൽ ജലനിരപ്പ് താഴുന്ന എന്ന പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | മഴയിലുണ്ടായ കുറവുമൂലം സംസ്ഥാനത്ത് ഭൂജല നിരപ്പ് താഴുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) | ഇത് പരിഹരിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ബി) | ഭൂജലവകുപ്പ് ഭൂജല പരിപോഷണത്തിനായി ഭൂജല സംരക്ഷണവും, കൃത്രിമ ഭൂജല സംപോഷണവും പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിന് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2016-2017 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ അനുവദിച്ചിരുന്നു. തുറന്ന കിണർ വഴിയുള്ള 41 കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലായി 2016-2017 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി. ഇതിനായി ആകെ 39.68 ലക്ഷം രൂപ ചിലവഴിക്കുകയും ചെയ്തു.<br><br>കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 1.57 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട് ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ഹരിത കേരളം പദ്ധതി പ്രകാരം കുടിവെള്ള സ്രോതസ്സുകളെ പുന:രുജ്ജീവിപ്പിക്കുന്നതിനും, സംരക്ഷിക്കുന്നതിനും വിപുലമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ